ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1009

# സൂറ – 31 / ലുഖ്മാൻ

### സൂക്തം: 15 – 16

മാതാപിതാക്കളോട് പുലർത്തേണ്ട നന്ദിയും കൂറും അല്ലാഹുവിനോടുള്ള നന്ദിക്കും കൂറിനും വിധേയമായിരിക്കണം. അല്ലാഹുവിനോടുള്ള നന്ദിയുടെ കർമരൂപമാണ് മാതാപിതാക്കളോടുള്ള നന്ദി. മാതാപിതാക്കളോടു പുലർത്തുന്ന നന്ദിയും കൂറും അല്ലാഹുവിന്റെ ശാസന അനുസരിച്ചുകൊണ്ടാകുമ്പോൾ അത് അല്ലാഹുവിനോടുള്ള നന്ദിയുടെ പ്രകടനമാകുന്നു. മാതാപിതാക്കളോടുള്ള നന്ദി അല്ലാഹുവിനോടുള്ള നന്ദിക്ക് വിരുദ്ധമായിക്കൂടാ. അങ്ങനെയായാൽ മാതാപിതാക്കൾ അല്ലാഹുവിനു മീതെ പ്രതിഷ്ഠിക്കപ്പെടും.

وَإِن جَاهَدَاكَ عَلَىٰ أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا
تُطِعْهُمَا ۖ وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا ۖ وَاتَّبِعْ سَبِيلَ مَنْ أَنَابَ
إِلَيَّ ۚ ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٥﴾

15. എന്നാൽ നിനക്കറിവില്ലാത്ത വല്ലവരെയും എന്റെ പങ്കാളികളാക്കാൻ അവർ നിന്നെ നിർബന്ധിച്ചാൽ നീ ഒട്ടും വഴങ്ങിക്കൂടാ. ഭൗതിക ജീവിതത്തിൽ അവരോട് മാന്യമായി സഹവർത്തിക്കുകയും വേണം. പക്ഷേ പിന്തുടരേണ്ടത് എന്നിലേക്കു മടങ്ങിയവരുടെ വഴിയാകുന്നു. സർവോപരി, നിങ്ങൾ മടങ്ങിവരുന്നത് എന്നിലേക്കു തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ യാഥാർഥ്യം അപ്പോൾ ഞാൻ വെളിപ്പെടുത്തുന്നതാകുന്നു.

**15**

وَإِن جَاهَدَاكَ= (എന്നാൽ) അവരിരുവരും നിന്നെ നിർബന്ധിച്ചാൽ

عَلَىٰ أَن تُشْرِكَ بِي = നീ എന്റെ പങ്കാളികളികളാക്കുന്നതിന്

مَا لَيْسَ لَكَ بِهِ عِلْمٌ = നിനക്കറിവില്ലാത്ത ഒന്നുകൊണ്ട് (അറിവില്ലാത്ത വല്ലവരെയും)

فَلَا تُطِعْهُمَا ۖ = അവരെ രണ്ടുപേരെയും നീ അനുസരിക്കേണ്ട (ഒട്ടും വഴങ്ങിക്കൂടാ)

وَصَاحِبْهُمَا= അവരോട് രണ്ടുപേരോടും സഹവർത്തിക്കുകയും വേണം

فِي الدُّنْيَا= ഐഹിക ലോകത്ത് (ഭൗതിക ജീവിതത്തിൽ) مَعْرُوفًا ۖ= അറിയപ്പെട്ട മര്യാദയായിട്ട് (മാന്യമായി)

وَاتَّبِعْ = നീ പിന്തുടരുക (പക്ഷേ പിന്തുടരേണ്ടത്) سَبِيلَ مَنْ أَنَابَ إِلَيَّ = എന്നിലേക്ക് മടങ്ങിയവരുടെ വഴിയാകുന്നു

ثُمَّ إِلَيَّ مَرْجِعُكُمْ = പിന്നെ, (സർവോപരി) നിങ്ങളുടെ മടക്കം (മടങ്ങിവരുന്നത്) എന്നിലേക്കു തന്നെയാകുന്നു

فَأُنَبِّئُكُم= അപ്പോൾ ഞാൻ നിങ്ങളെ അറിയിക്കും (വെളിപ്പെടുത്തിത്തരുന്നതാകുന്നു)

بِمَا كُنتُمْ تَعْمَلُونَ= നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന(തിന്റെ യാഥാർഥ്യം) എന്തെന്ന്

അല്ലാഹുവിനോടും പിന്നെ മാതാപിതാക്കളോടും നന്ദി പുലർത്തണം- أَنِ اشْكُرْ لِي وَلِوَالِدَيْكَ - എന്ന താണ് മനുഷ്യനോടുള്ള അല്ലാഹുവിന്റെ പ്രഥമ ശാസന. മുൻഗണന അല്ലാഹുവിനോട് നന്ദി പുലർത്തുന്നതിനാണ്. മാതാപിതാക്കളോട് പുലർത്തേണ്ട നന്ദിയും കൂറും അല്ലാഹുവിനോടുള്ള നന്ദിക്കും കൂറിനും വിധേയമായി രിക്കണം. അല്ലാഹുവിനോടുള്ള നന്ദിയുടെ കർമരൂപമാണ് മാതാപിതാക്കളോടുള്ള നന്ദി. മാതാപിതാക്കളോടു പുലർത്തുന്ന നന്ദിയും കൂറും അല്ലാഹുവിന്റെ ശാസന അനുസരിച്ചുകൊണ്ടാകുമ്പോൾ അത് അല്ലാഹുവിനോടുള്ള നന്ദിയുടെ പ്രകടനമാകുന്നു. മാതാപിതാക്കളോടുള്ള നന്ദി അല്ലാഹുവിനോടുള്ള നന്ദിക്ക് വിരുദ്ധമായിക്കൂടാ. അങ്ങനെയായാൽ മാതാപിതാക്കൾ അല്ലാഹുവിനു മീതെ പ്രതിഷ്ഠിക്കപ്പെടും. അക്കാര്യം പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. മക്കളും മാതാപിതാക്കളുമെല്ലാം അന്തിമമായി എത്തിച്ചേരുന്നത് അല്ലാഹുവിങ്കൽ തന്നെയാണെന്ന് ഓർത്തിരിക്കുക.

അതിനാൽ, അല്ലാഹുവല്ലാത്ത സൃഷ്ടികളെ അവന്റെ പങ്കാളികളായി അംഗീകരിക്കാൻ മാതാപിതാക്കൾ എത്ര നിർബന്ധിച്ചാലും വഴങ്ങരുത്. وَوَصَّيْنَا.... فَلَا تُطِعْهُمَا എന്ന വാക്യം ലഘുവായ വ്യത്യാസത്തോടെ സൂറ *അൽ അൻകബൂത്ത്* 8-ാം സൂക്തത്തിൽ വന്നിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. സഅ്ദുബ്നു അബീവഖാസ് ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തെ പൂർവമതത്തിലേക്ക് തിരിച്ചുകൊണ്ടുപോകാൻ മാതാവ് നടത്തിയ സമരമാണ് പ്രസ്തുത സൂക്തത്തിന്റെ അവതരണ കാരണമന്ന് ചരിത്രമുണ്ട്. അതേ കാരണത്താൽ തന്നെയാണ് ഈ സൂക്തവും അവതരിച്ചതെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരൊറ്റ സംഭവത്തിന്റെ പേരിൽ ഒരേ പദങ്ങളിലും ആശയത്തിലുമുള്ള രണ്ട് സൂക്തങ്ങൾ അവതരിച്ചുവെന്ന് കരുതുന്നത് യുക്തിസഹമല്ല എന്നാണ് ഈ അഭിപ്രായത്തെ നിരാകരിക്കുന്നവരുടെ നിലപാട്. മക്കൾ ഇസ്‌ലാം സ്വീകരിക്കുന്നത് തടയാൻ രക്ഷിതാക്കൾ പരിശ്രമിക്കുക എക്കാലത്തും നടക്കുന്നതാണ്. പ്രവാചകന്റെ മക്കാ ജീവിതത്തിൽ അത്തരം അനേകം സംഭവങ്ങളുണ്ടായിട്ടുണ്ട്. വ്യത്യസ്ത സന്ദർഭങ്ങളിൽ ആ സന്ദർഭത്തിന് ഉചിതമായ ശൈലിയിൽ ഈ ഉപദേശം ആവർത്തിക്കുകയായിരുന്നു. ഒരു വശത്ത് സത്യവിശ്വാസവും പ്രപഞ്ചവിധാതാവിനോടുള്ള കൂറും. മറുവശത്ത് മാതാപിതാക്കളോടുള്ള സ്നേഹവും കൂറും. സത്യവിശ്വാസം കൈവെടിയണമെന്ന് അവർ സമ്മർദം ചെലുത്തുന്നു. വിധാതാവിനോടുള്ള നന്ദിയും കൂറും അതനുവദിക്കുന്നില്ല. ദീൻ ആവട്ടെ രണ്ടു കൂട്ടരെയും അനുസരിക്കണമെന്ന് അനുശാസിക്കുകയും ചെയ്യുന്നു. ഒരേസമയം രണ്ടു കൂറും എങ്ങനെ പുലർത്തണമെന്നത് വിശ്വാസികളുടെ സങ്കീർണമായ പ്രശ്നമായി ഉയർന്നുവരുന്നു. സഅ്ദുബ്നു അബീവഖാസ് അചഞ്ചലനായ ദൃഢവിശ്വാസിയായിരുന്നു. മാതാവിന്റെ സമ്മർദത്തെ എളുപ്പത്തിൽ അതിജയിക്കാൻ അദ്ദേഹത്തിനു കഴിയും. അതുപോലുള്ള സന്ദർഭങ്ങളിൽ മാതാപിതാക്കളുടെ സമ്മർദത്തിനു വഴങ്ങാതെ അല്ലാഹുവിന്റെ മാർഗത്തിൽ മുന്നോട്ടുപോവുക എന്നു പറഞ്ഞാൽ മതിയാകും. അതുകൊണ്ടാണ് അവിടെ وَإِن جَاهَدَاكَ عَلَىٰ أَن تُشْرِكَ بِي (അവർ എന്നിൽ പങ്കുചേർക്കുന്നതിന് നിന്നെ നിർബന്ധിച്ചാൽ) എന്നു പറഞ്ഞത്. സഅ്ദിന് ഇളക്കമില്ലെന്നു കണ്ടപ്പോൾ മാതാവ് സമരം പിൻവലിക്കുകയും ചെയ്തു. മറ്റു ചിലരുടെ സമ്മർദം കൂടുതൽ കടുപ്പമായിരുന്നു. എന്തായാലും മകൻ സത്യവിശ്വാസം കൈവെടിഞ്ഞേ തീരൂ എന്ന് മാതാവും പിതാവും ഒരുപോലെ നിർബന്ധിക്കുന്നു. عَلَىٰ أَن تُشْرِكَ بِي എന്ന വാക്യം അത് സൂചിപ്പിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ عَلَىٰ നിർബന്ധമാക്കലിനെയും ബാധ്യതയാക്കലിനെയും കുറിക്കുന്നതാണ്. അതുവരെ മാതാപിതാക്കളെ കലവറയില്ലാതെ സ്നേഹിച്ചും അനുസരിച്ചും പരസ്പരം ആശ്രയിച്ചുകഴിഞ്ഞു പോന്നിരുന്ന മക്കൾക്ക് ഈ സാഹചര്യം നേരിടുക കൂടുതൽ പ്രയാസകരമായിരുന്നു. ഇക്കാര്യത്തിൽ മാതാപിതാക്കളെ ധിക്കരിച്ചുകഴിഞ്ഞാൽ പിന്നീട് അവരുമായുള്ള ബന്ധത്തിന്റെ സ്വഭാവമെന്തായിരിക്കണം എന്നതും പ്രശ്നമായിരുന്നു. അതിനുള്ള മറുപടി കൂടിയാണ് ഈ സൂക്തം. മാതാപിതാക്കളോ മക്കളോ ഇസ്‌ലാം സ്വീകരിച്ചതുകൊണ്ട് അവർ പരസ്പരം മാതാപിതാക്കളും മക്കളും അല്ലാതാകുന്നില്ല. അവർ തമ്മിലുള്ള ബന്ധം പ്രകൃതിപരമാണ്. മാതാപിതാക്കളെയും മക്കളെയും, മാതാപിതാക്കളും മക്കളും അല്ലാതാക്കാൻ ഒരു ശക്തിക്കും കഴിയില്ല. മക്കൾ ഇസ്‌ലാം സ്വീകരിക്കുകയും മാതാപിതാക്കൾ പൂർവമതത്തിൽ തുടരുകയും ചെയ്യുന്ന സാഹചര്യങ്ങളിലും അവർ തമ്മിലുള്ള ബന്ധവും അവരുടെ അവകാശബാധ്യതകളും നിലനിൽക്കും; നിലനിർത്തണം. وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا - ഭൗതിക ജീവിതത്തിൽ مَعْرُوف ആയി സഹവസിക്കണം- എന്നാണ് മൂലവാക്യം. സൗഹാർദപരമായ സഹവർത്തിത്വമാണ് مصاحبة . കഴിയുമെങ്കിൽ അവരുടെ കൂടെത്തന്നെ വസിക്കണം. പരിചിതവും നിരാക്ഷേപമായി പൊതുവിൽ അംഗീകരിക്കപ്പെട്ടതുമായ കാര്യമാണ് مَعْرُوف. ഇതിനെ തന്നെയാണ് മാതാപിതാക്കളുടെ കാര്യത്തിൽ احسان എന്നും حسن എന്നും ഖുർആൻ വ്യവഹരിച്ചിട്ടുള്ളത്. മാതാപിതാക്കൾ അവിശ്വാസികളായാലും അവരോടൊപ്പം വസിക്കുകയും നല്ല രീതിയിൽ സേവിക്കുകയും ചെയ്യണമെന്നാണ് വചനതാൽപര്യം. മുലകുടി ബന്ധത്തിലുള്ള മാതാക്കൾ പോലും ഈ സമീപനം അർഹിക്കുന്നുവെന്നാണ് ഹദീസുകളിൽനിന്ന് മനസ്സിലാകുന്നത്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: മക്കയിൽ മുസ്‌ലിം മർദനം ദുസ്സഹമായപ്പോൾ മദീയനിലേക്ക് പലായനം ചെയ്ത അസ്മാഅ് ബിൻത് അബീബക്റിനെ തേടി അവരെ മുലയൂട്ടിയ സ്ത്രീ മദീനയിലെത്തി. ആ സ്ത്രീ വിഗ്രഹാരാധകയായിരുന്നു. പഴയ ബന്ധം പുതുക്കുകയും എന്തെങ്കിലും ആനുകൂല്യം നേടുകയുമായിരുന്നു അവരുടെ ലക്ഷ്യം. അവരെത്തിയപ്പോൾ അസ്മാഅ് നബി(സ)യോടു ചോദിച്ചു: ''പ്രവാചകരേ, എന്റെ മാതാവ് എന്നെ തേടി വന്നിരിക്കുന്നു. എനിക്ക് അവരോട് ബന്ധം ചേർക്കാമോ?'' പ്രവാചകൻ(സ) പറഞ്ഞു: ''നീ അവരുമായി ബന്ധം ചേർത്തുകൊള്ളുക.'' അസ്മാഅ് 'എന്റെ ഉമ്മ' (انّ أمّى) എന്നു പറഞ്ഞതിനെ ആസ്പദമാക്കി വന്നത് അവരുടെ പെറ്റുമ്മയാണെന്ന് ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. അസ്മാഇന്റെ മാതൃസഹോദരിയാണ് വന്നതെന്നും ചിലർ പറയുന്നുണ്ട്. അബൂബക്ർ സിദ്ദീഖിന്റെ ഭാര്യമാരിലൊരാളായിരുന്ന ഖുതൈലബിൻതു അബ്ദിൽ ഉസ്സാ ആയിരുന്നു അസ്മാഇന്റെ മാതാവ്.

അവിശ്വാസികളായ മാതാപിതാക്കൾ പ്രാരാബ്ധക്കാരും വിശ്വാസികളായ മക്കൾ സമ്പന്നരുമാണെങ്കിൽ അവരുടെ ജീവിത ചെലവുകൾ നടത്താനും മറ്റാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാനും മക്കൾ ബാധ്യസ്ഥരാകുന്നു. മാതാപിതാക്കളുടെ ചില സ്വഭാവം ഇസ്‌ലാമികദൃഷ്ട്യാ മോശമാണെങ്കിലും നടത്തിക്കൊടുക്കണമെന്ന് ഫുഖഹാക്കൾ പറയുന്നു. ഉദാഹരണം: അവിശ്വാസിയായ പിതാവ് മദ്യപാനിയാണെങ്കിൽ അയാൾക്ക് ചെലവിനു കൊടുക്കുന്ന വിശ്വാസിയായ പുത്രൻ മദ്യം വാങ്ങിക്കൊടുക്കലും ചെലവിൽ ഉൾപ്പെടുന്നു. അയാളുടെ മതം മദ്യം നിഷിദ്ധമാക്കിയിട്ടില്ലല്ലോ. എന്നാൽ രണ്ട് മതവും നിഷിദ്ധമാക്കിയിട്ടുള്ള കാര്യം നിവർത്തിച്ചുകൊടുത്തുകൂടാ. ഒരാൾ സത്യവിശ്വാസം കൈക്കൊള്ളുന്നതോടെ അന്യമതത്തിൽ നിലകൊള്ളുന്ന കുടുംബത്തെ അയാൾ ബഹിഷ്കരിക്കേണ്ടതാണെന്ന് ചില ആളുകൾ കരുതുന്നുണ്ട്. ഖുർആനിനും സുന്നത്തിനും കർമശാസ്ത്രത്തിനും എതിരായ നടപടിയാണത്. സത്യവിശ്വാസി അയാളുടെ അന്യമതസ്ഥരായ കുടുംബത്തോട് -വിശേഷിച്ചും മാതാപിതാക്കളോട്- ബന്ധവും സ്നേഹവും നിലനിർത്തുകയും ന്യായമായ സേവനങ്ങൾ നൽകുകയും ചെയ്യണമെന്നാണ് അവയൊക്കെയും ആവശ്യപ്പെടുന്നത്.

أَنَابَ -യുടെ വിവിധ രൂപങ്ങൾ സൂറ *ഹൂദ്* 77-ലും സൂറ *അർറൂം* 33-ലും വന്നിരിക്കുന്നു. അർഥം പ്രസ്തുത സൂക്തങ്ങൾക്കു താഴെ വ്യക്തമാക്കിയിരിക്കുന്നു. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും മാതാപിതാക്കളെ ദ്രോഹിക്കുന്നതുൾപ്പെടെയുള്ള ദുഷ്ചെയ്തികളും വെടിഞ്ഞ് ഏകദൈവവിശ്വാസം പ്രബോധനം ചെയ്യുകയും ആ പ്രബോധനത്തെ പിന്തുടരുകയും ചെയ്യുന്നവരാണ് ഇവിടെ مَنْ أَنَابَ എന്നതുകൊണ്ട് വിവക്ഷ. إِلَيَّ مَرْجِعُكُمْ -ന്റെ മറ്റൊരു ഭാഷ്യമാണ് إِلَيَّ الْمَصِيرُ. അതിനു മുമ്പ് ثُمَّ ചേർത്തിരിക്കുന്നത് സംഭവക്രമം സൂചിപ്പിച്ചുകൊണ്ടാവാം, സർവോപരി എന്ന അർഥത്തിലുമാവാം. എന്നിലേക്കുള്ള മാർഗം സ്വീകരിച്ചവർ അതിനു ശേഷം എന്റെ സന്നിധിയിൽ തന്നെ എത്തിച്ചേരുന്നു എന്നു സാരം. ഈ ثُمَّ -ക്ക് സർവോപരി എന്നും അർഥം കൽപിക്കുമ്പോൾ എല്ലാറ്റിലും ഗുരുതരമായ കാര്യം നിങ്ങളെല്ലാവരും എന്റെ മുന്നിൽ വന്ന് വിചാരണക്ക് വിധേയരാകേണ്ടതുണ്ട് എന്നതാകുന്നു എന്നാകും ആശയം. ●

---

يَا بُنَيَّ إِنَّهَا إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُن فِي صَخْرَةٍ أَوْ فِي السَّمَاوَاتِ أَوْ فِي الْأَرْضِ يَأْتِ بِهَا اللَّهُ إِنَّ اللَّهَ لَطِيفٌ خَبِيرٌ ﴿١٦﴾

16. വത്സലപുത്രാ, മനുഷ്യൻ ചെയ്യുന്ന നന്മതിന്മകൾ ഒരു കടുകുമണി തൂക്കമേയുള്ളൂവെങ്കിൽ പോലും, അതുതന്നെ വല്ല പാറയിടുക്കിലോ വാനലോകത്തോ മണ്ണിനടിയിലോ മറഞ്ഞുകിടന്നാലും വിചാരണാനാളിൽ അല്ലാഹു അത് ഹാജരാക്കുന്നതാകുന്നു. അല്ലാഹു സൂക്ഷ്മ ദ്രഷ്ടാവും അഗാധജ്ഞനുമാകുന്നു.

**16**

يَا بُنَيَّ = എന്റെ കുഞ്ഞുമകനേ (വത്സലപുത്രാ) إِنَّهَا = അത് (മനുഷ്യൻ ചെയ്യുന്ന നന്മതിന്മകൾ)
إِن تَكُ = ആണെങ്കിൽ (ഉള്ളൂ എങ്കിൽപോലും) مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ = കടുകിൽനിന്നുള്ള ഒരു മണിത്തൂക്കം(മേ)
فَتَكُن = എന്നിട്ട് അത്, ആകുന്നുവെങ്കിലും (അതു തന്നെ മറഞ്ഞുകിടന്നാലും) فِي صَخْرَةٍ = ഒരു പാറയി(ടുക്കിലോ)ൽ
أَوْ فِي السَّمَاوَاتِ = അല്ലെങ്കിൽ ആകാശത്തിൽ (വാനലോകത്തോ) أَوْ فِي الْأَرْضِ = ഭൂമിയിൽ (മണ്ണിനടിയിലോ)
يَأْتِ بِهَا اللَّهُ = (വിചാരണാനാളിൽ) അല്ലാഹു അതുകൊണ്ടുവരും (ഹാജരാക്കുന്നതാകുന്നു)
إِنَّ اللَّهَ لَطِيفٌ خَبِيرٌ = തീർച്ചയായും അല്ലാഹു സൂക്ഷ്മ ദ്രഷ്ടാവും അഗാധജ്ഞനുമാകുന്നു

ലുഖ്മാന്റെ ഉപദേശം തുടരുകയാണ്. ആദ്യ ഉപദേശം തൗഹീദിനെക്കുറിച്ചായിരുന്നുവല്ലോ. രണ്ടാമതായി ഉപദേശിക്കുന്നത് പരലോകത്തെക്കുറിച്ചാണ്. ഒരു കടുകുമണിയോളം ചെറുതും നിസ്സാരവുമായ മർത്യകർമം പോലും, അത് മഹാ പർവതങ്ങളുടെ ഇടുങ്ങിയ പാറമടക്കുകളിലോ ഭൂമിയിലെ മണ്ണടരുകൾക്കുള്ളിലോ അല്ലെങ്കിൽ അതിരില്ലാത്ത വാനലോകത്തെവിടെയോ മറഞ്ഞുകിടന്നാലും ഉയിർത്തെഴുന്നേൽപുനാളിൽ അല്ലാഹു അത് നമ്മുടെ മുന്നിൽ കൊണ്ടുവരും. എന്തുകൊണ്ടെന്നാൽ കർമങ്ങളും കാര്യങ്ങളും അതിസൂക്ഷ്മമായും അത്യഗാധമായും അറിയുന്നവനാണ് അല്ലാഹു. മൂലത്തിലെ إِنَّهَا -യിലെ هَا എന്ന സർവനാമം സൂചിപ്പിക്കുന്നത് خَرْدَلٍ -നെയാവാം. അല്ലെങ്കിൽ അനുക്തമായ الخصلة السيّئة والحسنة (തിന്മയും നന്മയുമായ കാര്യം) എന്ന വാക്കിനെയാവാം. ان الخصلة السيّئة والحسنة എന്നാകും അപ്പോൾ പൂർണ രൂപം. لَطِيفٌ -ന് സൗമ്യൻ, മൃദുലൻ, ദയാമയൻ എന്നും സൂക്ഷ്മമായ കാര്യങ്ങൾ കൃത്യമായി അറിയുന്നവൻ എന്നും അർഥമുണ്ട്. രണ്ടാമത്തെ അർഥമാണ് ഇവിടെ ഉദ്ദേശ്യം.

●